ഹംസായ ദഹ്രനിലയായ നിരീക്ഷകായ
കൃഷ്ണായ മൃഷ്ടയശസേ നിരുപക്രമായ
സത്സംഗ്രഹായ ഭവപാന്ഥനിജാശ്രമാപ്താ
വന്തേ പരീഷ്ടഗതയേ ഹരയേ നമസ്തേ **(6-9-45)**
പ്രീതോ*f*ഹം വ: സുരശ്രേഷ്ഠാ മദുപസ്ഥാനവിദ്യയാ
ആത്മൈശ്വര്യസ്മൃതി: പുംസാം ഭക്തിശ്ചൈവ യയാ മയി **(6-9-47)**

ദേവന്മാർ പ്രാർത്ഥിച്ചു: "ത്യാഗവാസനയ്ക്കു നമോവാകം. സൃഷ്ടിക്കപ്പെട്ട ഒരു ജീവിക്കും അങ്ങയുടെ ശരിയായ മഹിമ അറിയില്ല. അനന്തമായ ആ ഐശ്വര്യത്തിനും നമസ്കാരം. ഭക്തിസാധനയിലൂടെ അജ്ഞാനാന്ധകാരത്തിന്റെ പുകമറ നീങ്ങിയാൽ അങ്ങ് പരമാനന്ദസ്വരൂപമായി പ്രകടമാവുന്നു. മറ്റാരുടേയും സഹായമോ സഹവർത്തിത്വമോ കൂടാതെ അങ്ങ് വിശ്വത്തിന്റെ സൃഷ്ടിസ്ഥിതി സംഹാരകർമ്മങ്ങൾ നടത്തുന്നു എന്നത് ഞങ്ങൾക്ക് മനസ്സിലാക്കാൻ വിഷമമാണ്. അങ്ങേയ്ക്ക് വിശ്വസൃഷ്ടിസ്ഥിതിലയങ്ങളിൽ ഞങ്ങൾക്കുള്ളതുപോലെ വൈകാരിക മമതയുണ്ടോ അതോ വെറും സാക്ഷീഭാവം മാത്രമേയുള്ളോ എന്നും ഞങ്ങൾക്ക് നിശ്ചയമില്ല. ഒരു പക്ഷേ ഈ വൈരുദ്ധ്യങ്ങളായ അവസ്ഥകൾ അവിടുത്തെയുള്ളിൽ ഒന്നുചേർന്നിരിക്കുന്നുണ്ടാവാം. കാരണം വൈരുദ്ധ്യബോധത്തിനുമപ്പുറത്താണല്ലോ അവിടുന്ന്. ഈ രണ്ടവസ്ഥകളിലും വൈരുദ്ധ്യം ദർശിക്കുന്നത് ഞങ്ങളുടെ അറിവിന്റെ പരിധിയിലാണല്ലോ. അങ്ങയിൽ ഒരു വിശേഷണവും ആരോപിക്കുക അസാദ്ധ്യം. കാരണം അങ്ങവയ്ക്കെല്ലാം അതീതനത്രേ. എന്നാൽ എല്ലാ വിശേഷണങ്ങളും അങ്ങേക്കിണങ്ങും കാരണം ഏകമായ സത്ത് അവിടുന്നു മാത്രമാണല്ലോ.

സർവ്വശക്തനായ ഭഗവൻ, പൈശാചികമായി പ്രവർത്തിക്കുന്ന ദൈത്യദാനവന്മാർ പോലും അവിടുത്തെ പ്രകടിതരൂപങ്ങൾ തന്നെയാണെന്ന് ഞങ്ങൾക്കറിയാം. എന്നാൽ അവർ അവർക്കനുവദിച്ച സമയത്തിനപ്പുറം അക്രമങ്ങൾ തുടരുമ്പോൾ അവിടുന്ന് സ്വന്തം മായാശക്തിയാൽ അവതാരങ്ങളെടുത്ത്, ദേവന്മാരായും മനുഷ്യരായും മൃഗങ്ങളായും ജലജീവിയായും മറ്റും, അവരെ ശിക്ഷിക്കുന്നതായും ധർമ്മസംസ്ഥാപനം നടത്തുന്നതായും അറിയുന്നു. അതുകൊണ്ട് അങ്ങേയ്ക്ക് സമ്മതമെങ്കിൽ ഈ വൃത്രാസുരനെ വധിച്ച് ഞങ്ങളെ ബാധിച്ചിരിക്കുന്ന ഭയത്തിൽനിന്ന് മോചനം നൽകിയാലും. അങ്ങെല്ലാ ജീവജാലങ്ങളുടേയും ആത്മനിവാസിയായതിനാൽ അവരുടെ ആഗ്രഹങ്ങളും പ്രാർത്ഥനകളും എന്തെന്നറിയാവുന്നതാണല്ലൊ. അതുകൊണ്ട് ഞങ്ങളുടെ ഈ പ്രാർത്ഥനയും അഭിലാഷവും സാധിച്ചുതരുന്നത് ഉചിതമാണ്. മൂന്നു ലോകങ്ങളെയും ദ്രോഹിക്കുന്ന വൃത്രാസുരനിൽ നിന്നും ഞങ്ങൾക്കഭയമേകിയാലും. സർവ്വാന്തര്യാമിയായ ഭഗവാൻ ഹരിക്ക് നമസ്കാരം. എല്ലാ ഹൃദയങ്ങളിലും സാക്ഷീഭാവേന വർത്തിച്ചു വാഴുന്ന അവിടേയ്ക്ക് നമോവാകം. നന്മയുടെ സമ്പത്തും ആനന്ദമൂർത്തിയും പാതയും ലക്ഷ്യവുമായ ശ്രീകൃഷ്ണഭഗവാന് നമസ്കാരം."

ഭഗവാൻ പറഞ്ഞു: "നിങ്ങളുടെ പ്രാർത്ഥനയിൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. ഈ പ്രാർത്ഥനയിലൂടെ ആത്മാവബോധവും ഭക്തിയും ഉളവാകുന്നു. ഈ പ്രാർത്ഥന ഉരുവിടുന്ന ഏവർക്കും അതു ലഭ്യമത്രെ. എന്നെ സന്തുഷ്ടനാക്കിയാൽ എല്ലാം സാദ്ധ്യമാണ്. അതുകൊണ്ട് എന്റെ സംപ്രീതി മാത്രമേ ഒരു ഭക്തൻ ലക്ഷ്യമാക്കേണ്ടതായുള്ളൂ. അതുകൊണ്ട് ജ്ഞാനിയായ ഒരുവൻ മറ്റൊരാൾക്ക് ലൗകികജീവിതവൃത്തികൾ കാണിച്ചു കൊടുക്കില്ല, മറിച്ച് ഭക്തിസാധനാമാർഗ്ഗങ്ങൾ പഠിപ്പിക്കുന്നു. അല്ലയോ ഇന്ദ്രാ നിങ്ങൾ ദദീചിമഹർഷിയെ ചെന്നു കാണുക. തപശ്ചര്യയാൽ മഹർഷി. അതിശക്തനായിരിക്കുന്ന്. ത്വഷ്ടനെ നാരായണകവചം പഠിപ്പിച്ചത് ദദീചിയാണ്. ത്വഷ്ടന്റെ മകനാണല്ലോ നിന്നെയതു പഠിപ്പിച്ചത്. അദ്ദേഹത്തോട് തന്റെ എല്ലുകൾക്കായി യാചിക്കുക. അതുകൊണ്ട് വൃത്രാസുരനെ വെല്ലാൻ നിങ്ങൾക്കു കഴിയും."